## പ്രസിദ്ധീകരണത്തിന്

മന്നംജയന്തി പൊതുഅവധിദിവസമാണെങ്കിലും, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്ന പൊതുഅവധിയായിക്കൂടി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 21.12.2017-ലും 6.2.2018-ലും രണ്ട് നിവേദനങ്ങളാണ് മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നത്.

ആദ്യത്തെ നിവേദനത്തിന് മറുപടിയായി ലഭിച്ചത് - "പുതിയതായി അവധികളൊന്നും അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാരിന്റെ പൊതുവായ നയം. ഈ സാഹചര്യത്തിൽ താങ്കളുടെ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല" എന്നായിരുന്നു.

രണ്ടാമത്തെ നിവേദനത്തിന് - "നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ട് പ്രകാരം 15 ദിവസത്തിലധികം പൊതുഅവധി അനുവദിക്കരുതെന്ന് കേന്ദ്രധനകാര്യമന്ത്രാലയത്തിന്റെ നിർദ്ദേശമുണ്ടെന്നും എന്നിരുന്നാലും സംസ്ഥാനത്തെ പൊതുഅവധികൾ പ്രഖ്യാപിക്കുമ്പോൾ അതിലും കൂടുതലായി അനുവദിക്കേണ്ടിവരുന്നുണ്ട് എന്നും, 2018 വർഷത്തിൽ ഇത്തരത്തിലുള്ള 18 അവധികൾ അനുവദിച്ചിട്ടുള്ള സാഹചര്യത്തിലും പുതുതായി അവധികളൊന്നും അനുവദിക്കേണ്ടതില്ല എന്ന പൊതുനയത്തിന്റെ അടിസ്ഥാനത്തിലും അപേക്ഷയിലെ ആവശ്യം അംഗീകരിക്കുവാൻ നിർവാഹമില്ല" എന്നും ഉള്ള മറുപടിയാണ് ലഭിച്ചത്.

ഈ വിഷയം സംസ്ഥാനസർക്കാർ ഗൗരവമായി പരിഗണിച്ചിരുന്നു എന്ന മുഖ്യമന്ത്രിയുടെ ഇപ്പോഴത്തെ മറുപടിയിലെ പൊള്ളത്തരം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു.

മുന്നാക്കസമുദായങ്ങൾക്കു വേണ്ടിയുള്ള 10 ശതമാനം സാമ്പത്തികസംവരണം നടപ്പാക്കുന്നതിലേക്കുള്ള മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിക്കുവാൻ കഴിയാതിരുന്നത് പെരുമാറ്റച്ചട്ടം മൂലമാണ് എന്ന് മുഖ്യമന്ത്രിയുടെ വിശദീകരണം വസ്തുതാവിരുദ്ധമാണ്. 10 മാസങ്ങൾക്കു മുമ്പുതന്നെ മുന്നാക്കസമുദായപട്ടിക ഉൾപ്പെടുന്ന മുന്നാക്കസമുദായകമ്മീഷൻറിപ്പോർട്ട് സർക്കാർ അംഗീകരിച്ചിരുന്ന സാഹചര്യത്തിലാണ് പെരുമാറ്റച്ചട്ടമാണ് പട്ടികപ്രസിദ്ധീകരണത്തിന് തടസ്സമായതെന്നും ഇപ്പോൾ പട്ടിക പ്രസിദ്ധീകരിക്കാൻ ഹൈക്കോടതി അനുമതി നല്കിയിട്ടുണ്ട് എന്നുമുള്ള മുഖ്യമന്ത്രിയുടെ മറുപടിയും വസ്തുതകൾക്ക് നിരക്കുന്നതല്ല.

മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിക്കുന്നതിൽ സർക്കാർ വരുത്തുന്ന കാലതാമസം ചോദ്യം ചെയ്തുകൊണ്ടും, കാലവിളംബം കൂടാതെ പട്ടിക പ്രസിദ്ധീകരിക്കുവാൻ സർക്കാരിന് നിർദ്ദേശം നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എൻ.എസ്.എസ്. സമർപ്പിച്ച ഉപഹർജിയിന്മേലാണ് ബഹു. ഹൈക്കോടതി സർക്കാരിന് പട്ടിക പ്രസിദ്ധീകരിക്കുവാൻ ഇപ്പോൾ നിർദ്ദേശം നല്കിയിരിക്കുന്നത് എന്നതാണ് വസ്തുത.

എൻ.എസ്.എസ്സിന് ആരോടും ശത്രുതയില്ല; ഉള്ള കാര്യം തുറന്നു പറയുമ്പോൾ പരിഭവിച്ചിട്ടും കാര്യമില്ല.

പെരുന്ന
25.3.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി